**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2861** **10-03-2025 - ൽ മറുപടിയ്ക്ക്**

**ബ്ലാവനക്കടവ്, മണികണ്ടൻ ചാൽ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ബ്ലാവനക്കടവ്, മണികണ്ടൻ ചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ബ്ലാവന-കല്ലേലിമേട് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ ജോലികൾ നടത്തുന്നതിനു അനുവാദം തേടിക്കൊണ്ട് പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടലിൽ FP/KL/SRY/423421/2023 നമ്പർ പ്രകാരം 31/07/2023 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്മേൽ 01/12/2023 ൽ സ്റ്റേജ്-1 അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് എൻ.പി.വി ഇനത്തിൽ 8,93,520/- രൂപ അടക്കുന്നതിനുള്ള ഡിമാന്റ് നോട്ട്, യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് 04/12/2023 ന് പരിവേഷ് പോർട്ടൽ മുഖേന നൽകിയിട്ടുള്ളതും ആയതിൽ യൂസർ ഏജൻസി നിലവിൽ തുക ഒടുക്കിയിട്ടില്ലാത്തതുമാണ്.<br><br>മണികണ്ടൻചാൽ പാലത്തിന്റെ പുനർനിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിരുന്നു (FP/KL/Approach/148741/21). ടി പദ്ധതിക്കായി നിരവധി പക്ഷികളുടെ ആവാസകേന്ദ്രമായ മരങ്ങൾ മുറിക്കേണ്ടി വരുമെന്നതിനാൽ അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തി സമർപ്പിക്കുവാൻ യൂസർ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന് യൂസർ ഏജൻസി മറുപടി നൽകിയിട്ടില്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനായി അടിയന്തരമായി വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ യൂസർ ഏജൻസി പരിവേഷ് പോർട്ടലിൽ ലഭ്യമാക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ പൂർവ്വാനുമതിക്ക് വിധേയമായി അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ